## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 793** **17.07.2014-ലെ മറുപടിക്ക്**

### സ്വാശ്രയ മെഡിക്കൽ കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ; കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ടി.വി. രാജേഷ്<br>ശ്രീ. ആർ. രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥിപ്രവേശനം സംബന്ധിച്ചുള്ള പ്രശ്നം ചർച്ചകളിലൂടെ പരിഹരിക്കുന്നതാണെന്ന് മന്ത്രി നൽകിയ ഉറപ്പിനെ തുടർന്ന് എന്തെങ്കിലും ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ; | എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.05.2014, 13.07.2014 എന്നീ തീയതി കളിൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി സർക്കാർ ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാന ത്തിൽ അസോസിയേഷനു കീഴിലുള്ള അസീസിയ മെഡിക്കൽ കോളേജ് കൊല്ലം, അൽ അസർ മെഡിക്കൽ കോളേജ്, തൊടുപുഴ, ഡി.എം. വയനാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, വയനാട്, മൗണ്ട് സിയോൻ മെഡിക്കൽ കോളേജ്, അടൂർ, പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഒറ്റപ്പാലം, ഡോ. സോമർവെൽ മെഡിക്കൽ കോളേജ് കാരക്കോണം, ശ്രീ നാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എറണാകുളം, എസ്.യു.ടി അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ് വട്ടപ്പാറ, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾ 2014-15 അധ്യയന വർഷത്തെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സർക്കാരു മായി കരാർ ഒപ്പിട്ടിട്ടുണ്ട്. ഇന്റർ ചർച്ച് കൗൺസിലിന്റെ കിഴിലുള്ള നാല് മെഡിക്കൽ കോളേജുകളും നേരത്തെ തന്നെ കരാർ ഒപ്പിട്ടിട്ടുണ്ട്. മറ്റുള്ള സ്വാശ്രയസ്ഥാപനങ്ങളും ഏതാനും ദിവസങ്ങൾക്കുള്ളിൽ കരാർ ഒപ്പിടുമെന്ന് പ്രതീക്ഷിക്കുന്നു. |

ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ എത്ര സീറ്റുകൾക്കാണ് പൊതുമെറിറ്റ് ലിസ്റ്റിൽ നിന്ന് പ്രവേശനം ലഭിക്കുകയെന്ന് അറിയിക്കാമോ;

ബി) കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിൽ ഇതേവരെ കരാർ ഒപ്പുവെച്ചിട്ടുള്ള എട്ട് കോളേജുകളിലും ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജിലുമായി 725 സീറ്റുകളാണ് പൊതുമെറിറ്റിൽ ലഭിച്ചിട്ടുള്ളത്.

സി) സർക്കാർ നിലപാടിന് വിരുദ്ധമായി പ്രവേശന നടപടികളുമായി മുന്നോട്ടു പോകുന്ന മാനേജ്മെന്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സി) സർക്കാരുമായി കരാറിൽ ഏർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ 2006ലെ സ്വാശ്രയ പ്രവേശന ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി നടപടികൾ കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഒപ്പംതന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ തുടർന്നു നൽകുന്ന കാര്യം പുനഃപരിശോധിക്കുന്നതും ഈ വിവരം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയെയും ആരോഗ്യ സർവ്വകലാശാലയെയും അറിയിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ